LIBRARY ARCHIVES Kerala Legislative Assembly

മലക്കപ്പാറ ആരോഗ്യകേന്ദ്രത്തിലെ ഡോക്ടറുടെ വേതനം

200(2191) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി മണ്ഡലത്തിലെ മലക്കപ്പാറയിൽ പ്രവർത്തിച്ചുവരുന്ന പട്ടികവർഗ്ഗ ക്ഷേമവകുപ്പിനു കീഴിലുള്ള ആരോഗ്യകേന്ദ്രത്തിലെ ഡോക്ടറുടെ വേതനം കാലാനുസൃതമായി പുതുക്കുന്നതു സംബന്ധിച്ച അപേക്ഷയിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) വർഷങ്ങൾക്കുമുൻപ് നിശ്ചയിച്ച വളരെ പരിമിതമായ വേതനം സർക്കാർ ഡോക്ടർമാരുടെ മിനിമം വേതനത്തിനു തുല്യമായി പുതുക്കി നൽകാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

ഗോത്രജ്യോതി പദ്ധതി

201(2192) ശ്രീ. ഐ. സി. ബാലചന്ദ്രൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗോത്രജ്യോതി പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയുമായി ഏതെല്ലാം ഏജൻസികളാണ് സഹകരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) പട്ടികവർഗ്ഗ യുവാക്കൾക്ക് തൊഴിൽ നൈപുണ്യത്തിന് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ) ഉണ്ട്. 2013-ലാണ് ഈ പദ്ധതി നടപ്പാക്കിയത്.

(ബി) കേരള സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എസ്.എസ്.എൽ.സി. പാസ്സായ 15-നും 30-നും ഇടയിൽ പ്രായമുള്ള യുവതീയുവാക്കൾക്ക് മോട്ടിവേഷൻ ക്ലാസ്സുകൾ നൽകി ഉദ്ബുദ്ധരാക്കി അവർക്ക് അഭിരുചിയുള്ള മേഖലകളിലെ മെച്ചപ്പെട്ട തൊഴിലുകളിൽ ഏർപ്പെടുന്നതിന് പ്രാപ്തരാക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) രാജീവ് ഗാന്ധി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ യൂത്ത് ഡെവലപ്മെന്റ് എന്ന കേന്ദ്ര ഗവൺമെന്റ് സ്ഥാപനവും നാഷണൽ സർവ്വീസ് സ്കീമും പട്ടികവർഗ്ഗ വികസന വകുപ്പും സംയുക്തമായാണ് ഈ പദ്ധതി നടപ്പാക്കിയത്.

(ഡി) സംസ്ഥാനത്ത് 20 കേന്ദ്രങ്ങളിൽ വച്ച് ഒരു ദിവസത്തെ ശില്പശാല 2013 മേയ് 14 മുതൽ 25 വരെ സംഘടിപ്പിക്കുകയും 3500-ൽപ്പരം പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് പ്രത്യേക ക്ലാസ്സുകളും അവബോധവും നൽകുകയുണ്ടായി. ശില്പശാലകളിൽ പങ്കെടുത്ത യുവതീയുവാക്കളിൽനിന്നും യോഗ്യത, അഭിരുചി, സാമർത്ഥ്യം തുടങ്ങിയവയുടെ വിവരശേഖരണം നടത്തി വിശദമായ ലിസ്റ്റ് തയ്യാറാക്കി വിവിധ തൊഴിൽ മേഖലകളിൽ ഈ യുവതീയുവാക്കൾക്ക് സ്കിൽ ഡെവലപ്മെന്റ് ട്രെയിനിംഗ്, പി.എസ്.സി. കോച്ചിംഗ്, ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി തുടങ്ങിയ തൊഴിൽ മേഖലകളിൽ പരിശീലനവും നൽകിയിരുന്നു. ഇതിന്റെ തുടർച്ചയായി തിരുവനന്തപുരത്ത് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കേറ്ററിംഗ് ടെക്നോളജിയിൽ 65 യുവതീയുവാക്കൾക്ക് രണ്ട് മാസത്തെ പരിശീലനം നൽകിയിരുന്നു. ഇവർക്ക് താമസം, ഭക്ഷണം, യൂണിഫോം എന്നിവ സൗജന്യമായി നൽകുകയും പ്രതിമാസം 1,000 രൂപ സ്റ്റൈപ്പന്റ് അനുവദിച്ച് നൽകുകയും ചെയ്തിരുന്നു.

പട്ടികവർഗ്ഗ മേഖലകളുടെ സുസ്ഥിര വികസനം

202(2194) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവർഗ്ഗ മേഖലകളുടെ സുസ്ഥിര വികസനത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; എങ്കിൽ എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly